**Mathrubhumi, Thiruvananthapuram, Sep 19**

# ടി.സി.എസ് ഐ.ടി വിസ് ക്വിസ് ഒക്ടോബർ 5ന്

**തിരുവനന്തപുരം:** പ്രമുഖ ഐ.ടി സർവീസസ് സ്ഥാപനമായ ടാറ്റാ കൺസൾട്ടൻസി സർവീസസ് ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന ഐ.ടി വിസ് ക്വിസ് മത്സരത്തിന്റെ കേരള എഡിഷൻ ഒക്ടോബർ 5ന് കൊച്ചിയിൽ നടക്കും. 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പങ്കെടുക്കാം.

കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിലാണ് മത്സരങ്ങൾ. 14 പ്രാദേശിക കേന്ദ്രങ്ങളിൽ നിന്നും യു.എ.ഇ. എഡിഷനിലും വിജയികളാകുന്നവർ ഡിസംബറിൽ ദേശീയതലത്തിൽ മത്സരിക്കും. പ്രാദേശിക തലത്തിൽ വിജയികളാകുന്നവർക്ക് ട്രോഫിക്ക് പുറമെ ഗ്യാലക്സി നോട്ട്, ഗ്യാലക്സി ടാബ് എന്നിവ സമ്മാനമായി ലഭിക്കും. മത്സരാർഥികൾക്ക് പഠിക്കുന്ന വിദ്യാലയത്തിൽ നിന്നും ടി.സി.എസ്. ഐ.ടി വിസ് കോ-ഓർഡിനേറ്റർ, ടി.സി.എസ്, തേജോമയ, ഇൻഫോപാർക്ക്, കൊച്ചി-30 എന്ന വിലാസത്തിൽ അപേക്ഷകൾ അയക്കാം. www.tcsitwiz.com എന്ന വെബ്സൈറ്റിൽ ഓൺലൈനായും പേര് രജിസ്റ്റർ ചെയ്യാം. ഒക്ടോബർ രണ്ടാണ് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി.